C43-10201 9301 9301

നം.- ജി3-9099/90

ഫോറസ്റ്റ് കൺസർവേറ്റർ ആഫീസ്,
സെൻട്രൽ സർക്കിൾ, തൃശ്ശൂർ-20,
തീയതി. 1--9--'90.

<u>സർക്കുലർ നമ്പർ 3/90</u>

വിഷയം: - റിസർവ്വ് വനങ്ങളിലെ കരിങ്കൽ മടകളിൽ നിന്നും പാറപൊട്ടി-
ച്ചു പോകുന്നതിനുള്ള അനുവാദം നൽകുന്നത് സംബന്ധിച്ച്

-----

സർക്കാരിന് ലഭിയ്ക്കേണ്ട വരുമാനം യഥാവിധം പിടിയ്ക്കാതെ, കരിങ്കൽ മടകളിൽ നിന്നും പാറപൊട്ടിച്ചുകൊണ്ടു പോകുന്നതിന് റെയിഞ്ചാഫീസർമാർ അനുവാദം ~~നൽകുന്നതിനായി~~ നൽകുന്നതായി എന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഒരു സാധാരണ ലോറിയുടെ അളവ് 5 മീ x 2 മീ x 0.45 മീ ആണ്. ഇത്തരത്തിലുള്ള ഒരു ലോറിയിൽ 4.5 ക്യു.മീ കരിങ്കല്ലു് കൊണ്ടു പോകാവുന്നതാണ്. എന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഒരു ലോഡ് കരി[ങ്കൽ] കൊണ്ടു പോകുവാൻ അനുവദിയ്ക്കുമ്പോൾ 2 ക്യു.മീറ്ററോ അതിൽ കുറവോ ആണ് പാസ്സിൽ [രേഖ]പ്പെടുത്തിയ്ക്കുന്നത് എന്നറിയുന്നു. ഇതു മൂലം സർക്കാരിന് ഗണ്യമായ നഷ്ടം ഉണ്ടാകുന്നതാണ്. ഈ പ്രശ്നം ഡിവിഷണൽ ഫോറസ്റ്റാഫീസർമാരും, റെയിഞ്ചാഫീസർമാരും ശ്രദ്ധാപൂർവ്വം നിരീക്ഷിച്ചു വേണ്ട പരിഹാരം കാണേണ്ടതും സർക്കാരിന് ലഭിയ്ക്കേണ്ട വരുമാനം കൃത്യമായി പിടിയ്ക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. കരിങ്കല്ലിന്റെ അളവ് കുറച്ചെഴുതുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

സർക്കുലർ കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതാണ്.

(ഒപ്പ്)

ടി.എം. മനോഹരൻ,
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

പകർപ്പ് എല്ലാ ഡിവിഷണൽ ഫോറസ്റ്റാഫീസർമാർക്കും അറിവിനും അനന്തര നടപടികൾക്കുമായി നൽകുന്നു.

പകർപ്പ് എല്ലാ റെയിഞ്ചാഫീസർമാർക്കും
പകർപ്പ് എല്ലാ ഫോറസ്റ്റർമാർക്കും (റെയിഞ്ചാഫീസർമാർ വഴി)
പകർപ്പ് ജി3 വിഭാഗത്തിലേക്ക്, എ3 വിഭാഗത്തിലേക്ക്
പകർപ്പ് സി.എഫ്/എ.എ./ടി.എ./എസ്.എസ്/ജെ.എസ്/എച്ച്.എ.

ലി.6/9 (100 കോപ്പി)

6/9/90